പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1904

6.2.2019 ൽ
മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.)

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) നടപ്പിലാക്കുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്മേൽ നിയമസഭ അംഗീകരിച്ച ഭേദഗതികളടക്കമുള്ള ഭേദഗതികൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) കെ.എ.എസ്. നടപ്പിലാക്കുമ്പോൾ ഏതൊക്കെ തലങ്ങളിൽ ഏതൊക്കെ മേഖലകളിലാണ് സംവരണം ലഭിക്കുന്നത് എന്നറിയിക്കാമോ? | ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നേരിട്ടുള്ള നിയമനം വിഭാവനം ചെയ്യുന്ന സ്ട്രീം I ൽ സംവരണം ബാധകമാക്കിയിട്ടുണ്ട്. തസ്തികമാറ്റം മുഖേനയുള്ള നിയമനം വിഭാവനം ചെയ്യുന്ന സ്ട്രീം II, III എന്നിവയിൽ സംവരണം ബാധകമാക്കിയിട്ടില്ല. എല്ലാ സ്ട്രീമുകളിലും സംവരണം നടപ്പിലാക്കണമെന്ന സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയുടെ ഉത്തരവുകളും ജനപ്രതിനിധികൾ, സംഘടനകൾ തുടങ്ങിയവരുടെ നിവേദനങ്ങളും കണക്കിലെടുത്ത് സ്ട്രീം II, III എന്നിവയിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സാധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ